**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ആഭ്യന്തര കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര കടം മുൻവർഷങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം യഥാക്രമം 210792 കോടി രൂപ, 227137 കോടി രൂപ, 257158 കോടി രൂപ വീതമാണ് ഓരോ വർഷവും സംസ്ഥാനത്തിന്റെ ആഭ്യന്തര കടത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനത്തിൽ ആഭ്യന്തര കടം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല, മാത്രമല്ല കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് ലഭ്യമാക്കിയ മൊത്ത ആഭ്യന്തര ഉത്പാദന കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര കടം GSDP യുടെ ശതമാനത്തിൽ 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 22.80%, 22.18%, 22.44% വീതമാണ്. |
| (ബി) | നികുതി പിരിവിൽ വീഴ്ച വരുത്തുക വഴി ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള ഊർജ്ജിത നടപടികളുടെ ഫലമായിട്ടാണ് ഈ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. സംസ്ഥാന ജി എസ്. ടി വകുപ്പിനെ പുനസംഘടിപ്പിച്ചും അംനസ്റ്റികൾ ഏർപ്പെടുത്തിയും, ഭൂനികുതി, രജിസ്ട്രേഷൻ, വാഹനനികുതി എന്നിവയിൽ കാലോചിതമായ പരിഷ്കരണങ്ങളും നിരക്ക് വർദ്ധനവും ഏർപ്പെടുത്തിയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്ഥിരീകരിച്ചിട്ടുള്ളത്. 2020-21 ൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47660.84 കോടി രൂപയായിരുന്നത് 2023-24 ൽ 74329.01 കോടി രൂപയായി ഗണ്യമായ വർദ്ധിക്കുകയാണുണ്ടായത്.<br><br>സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും കേന്ദ്ര ധന ഉത്തരവാദിത്ത ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള ധന ലക്ഷ്യങ്ങൾ പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം, ജി എസ് ടി നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, ഓഖി ചുഴലിക്കാറ്റും, വെള്ളപ്പൊക്കവും മറ്റു പ്രകൃതി ദുരന്തങ്ങളും, കൊവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സർക്കാരിന് കീഴിലെ |

സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ  വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത്, വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള കയറ്റുമതി-ഇറക്കുമതി നയങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച എന്നിവ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെയും വിഭവങ്ങൾ  സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി GSDP യുടെ ശതമാനത്തിൽ യഥാക്രമം 2.60, 2.25 ശതമാനം വീതമായിരുന്നത്  2023-24 സാമ്പത്തിക വർഷത്തിൽ 1.58 ശതമാനമായി കുറച്ചു കൊണ്ടു വരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ധന ഉത്തര വാദിത്ത ആക്റ്റിൽ പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(ശതമാനത്തിൽ)**

| ധനകമ്മി/ ജി.എസ്. ഡി.പി | | |
|---|---|---|
| സാമ്പത്തിക വർഷം | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) |
| 2021-22 | 4.5 | 4.04 |
| 2022-23 | 4.0 | 2.50 |
| 2023-24 | 3.5 | 2.99 |

(സി) പ്രസ്തുത നിയമവ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയെന്ന്

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള ഊർജ്ജിത നടപടികളുടെ ഫലമായിട്ടാണ് ഈ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. സംസ്ഥാന ജി എസ്. ടി വകുപ്പിനെ പുനസംഘടിപ്പിച്ചും അംനസ്റ്റികൾ

| | | | |
|---|---|---|---|
| | വിശദമാക്കാമോ; ഇത് മൂലം കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ് ഉൾപ്പെടെയുള്ള ധനസഹായങ്ങളിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ? | | ഏർപ്പെടുത്തിയും, ഭൂനികുതി, രജിസ്ട്രേഷൻ, വാഹനനികുതി എന്നിവയിൽ കാലോചിതമായ പരിഷ്കരണങ്ങളും നിരക്ക് വർദ്ധനവും ഏർപ്പെടുത്തിയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്ഥിരീകരിച്ചിട്ടുള്ളത്. 2020-21 ൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47660.84 കോടി രൂപയായിരുന്നത് 2023-24 ൽ 74329.01 കോടി രൂപയായി ഗണ്യമായ വർദ്ധിക്കുകയാണുണ്ടായത്.<br><br>സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും കേന്ദ്ര ധന ഉത്തരവാദിത്ത ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള ധന ലക്ഷ്യങ്ങൾ പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം, ജി എസ് ടി നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, ഓഖി ചുഴലിക്കാറ്റ്, വെള്ളപ്പൊക്കവും മറ്റു പ്രകൃതി ദുരന്തങ്ങളും, കൊവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത്, വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള കയറ്റുമതി-ഇറക്കുമതി നയങ്ങൾ, റഷ്യ-ഉക്രൈയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച എന്നിവ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി GSDP യുടെ ശതമാനത്തിൽ യഥാക്രമം 2.60, 2.25 ശതമാനം വീതമായിരുന്നത് 2023-24 സാമ്പത്തിക വർഷത്തിൽ 1.58 ശതമാനമായി കുറച്ചു കൊണ്ടു വരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.<br><br>എന്നാൽ ധന ഉത്തര വാദിത്ത ആക്ടിൽ പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.<br><br>**(ശതമാനത്തിൽ)**<br><br>ധനകമ്മി/ ജി.എസ്. ഡി.പി |

| സാമ്പത്തിക വർഷം | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) |
|---|---|---|
| 2021-22 | 4.5 | 4.04 |
| 2022-23 | 4.0 | 2.50 |
| 2023-24 | 3.5 | 2.99 |

സെക്ഷൻ ഓഫീസർ